# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *329** — **11/11/2019-ൽ മറുപടിയ്ക്ക്**

## മഴക്കെടുതികൾ മൂലമുള്ള പകർച്ചവ്യാധികൾ

**ചോദ്യം**

**ശ്രീ.ടി.ജെ. വിനോദ്**
**,, കെ.സി.ജോസഫ്**
**ശ്രീമതി.ഷാനിമോൾ ഉസ്മാൻ**
**ശ്രീ.റോജി എം. ജോൺ**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

**എ)** സംസ്ഥാനത്ത് തുടരെ ഉണ്ടാകുന്ന മഴക്കെടുതികൾ മൂലം പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കുന്നത്; അറിയിക്കുമോ;

**എ)** മഴക്കെടുതികൾ മൂലം ജനങ്ങൾ വീടുവിട്ടിറങ്ങുമ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുമ്പോഴും സ്വഗൃഹങ്ങളിലേയ്ക്ക് തിരിച്ചുപോകുമ്പോഴും പകർച്ചവ്യാധികൾ പിടിപെടാതിരിക്കാൻ ജനങ്ങളും ആരോഗ്യപ്രവർത്തകരും സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റിയും നടപടികളെപ്പറ്റിയും ഉള്ള മാർഗ്ഗരേഖകൾ ആരോഗ്യവകുപ്പ് തയ്യാറാക്കി ലഭ്യമാക്കുന്നുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിലും മറ്റും രോഗനിരീക്ഷണം, രോഗചികിത്സ, കുടിവെള്ള നിരീക്ഷണം, ക്ലോറിനേഷൻ, കൊതുകുറവിട നശീകരണ പ്രവർത്തനങ്ങൾ, കൊതുക് നിരീക്ഷണം, ബോധവത്കരണം, മാലിന്യ നിർമ്മാർജ്ജനം, രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആവശ്യമുള്ളപ്പോൾ കൺട്രോൾ റൂമുകൾ തുറന്ന് പ്രതിരോധനിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നുണ്ട്.

**ബി)** പകർച്ചവ്യാധി വ്യാപനത്തിനുള്ള കാരണങ്ങൾ, വിവിധ പകർച്ചവ്യാധികളുടെ പ്രാരംഭ രോഗലക്ഷണങ്ങൾ, പ്രതിരോധ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

**ബി)** വാർഡ് തലം മുതൽ സംസ്ഥാനതലം വരെ വിവിധതരം ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ പകർച്ചവ്യാധി വ്യാപനത്തിനുള്ള കാരണങ്ങൾ, രോഗലക്ഷണങ്ങൾ, പ്രതിരോധ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ജനങ്ങളെ നിരന്തരമായി ബോധവത്കരണം നടത്തുന്നതിനുള്ള നടപടികൾ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗൃഹസന്ദർശനം നടത്തുമ്പോഴും അംഗൻവാടികൾ, കുടുംബശ്രീ യൂണിറ്റുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി വിവിധ തലങ്ങളിൽ നടത്തുന്ന ബോധവത്കരണ ക്ലാസ്സുകളിലൂടെയും വിവിധ ദൃശ്യ, ശ്രാവ്യ, പത്രമാധ്യമങ്ങളിലൂടെയും ജനങ്ങളിൽ ആവശ്യമായ അവബോധം നടത്തി ജീവിതശൈലിയിൽ മാറ്റം വരുത്തുവാനുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടത്തി

—

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. ഇതര വകുപ്പുകളുടെ സഹകരണവും ഇക്കാര്യത്തിൽ ലഭ്യമാക്കുന്നുണ്ട്. |
| **സി)** | പകർച്ചവ്യാധികളും പുതിയ രോഗങ്ങളും പടർന്നുപിടിക്കുന്നത് ഗൗരവമായിക്കണ്ട് ഇതിനെ പ്രതിരോധിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | **സി)** | പകർച്ചവ്യാധികളും പുതിയ രോഗങ്ങളും പടർന്നുപിടിക്കുന്നത് ഗൗരവമായിക്കണ്ട് പ്രതിരോധിക്കുന്നതിന് "ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി ആരോഗ്യവകുപ്പ് നടപ്പിലാക്കി വരികയാണ്. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ പ്രത്യേക പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ ആരോഗ്യജാഗ്രത പ്രവർത്തനങ്ങൾ ചിട്ടയായി നടപ്പിലാക്കി വരുന്നു. വിവിധ വകുപ്പുകളുടെ ഏകോപനയോഗങ്ങൾ, അവലോകന യോഗങ്ങൾ, മഴക്കാല പൂർവ്വശുചീകരണം, രോഗനിരീക്ഷണം, കൊതുക് നിരീക്ഷണം, കൊതുകുറവിട നശീകരണം, കുടിവെള്ള ശുചിത്വം, ഭക്ഷ്യ ശുചിത്വം, ബോധവത്കരണ പ്രതിരോധ പ്രവർത്തന ക്യാമ്പയിനുകൾ, ആരോഗ്യവുമായി ബന്ധപ്പെട്ട ദിന/വാര/ദ്വൈവാര/മാസ/ ആചരണങ്ങൾ, ആരോഗ്യസന്ദേശ യാത്ര പൊതുജനാരോഗ്യ നിയമമനുസരിച്ചുള്ള ഹെൽത്തി കേരള പരിശോധനകൾ തുടങ്ങി വിവിധ തരം പ്രവർത്തനങ്ങളാണ് ഇതര വകുപ്പുകളുടെ സഹകരണത്തോടെ ആരോഗ്യവകുപ്പ് നടത്തി വരുന്നത്. രോഗനിർണ്ണയത്തിന് സഹായകമാകുന്ന ലബോറട്ടറി സംവിധാനം ഫാമിലി ഹെൽത്ത് സെന്റർ തലം മുതൽ ഉറപ്പാക്കിയിട്ടുണ്ട്. രോഗം നേരത്തെ കണ്ടെത്തി ആവശ്യമായ ശരിയായ ചികിത്സ നൽകുന്നതിലൂടെ രോഗപ്പകർച്ച തടയാനും സാധിക്കുന്നതാണ്. ഇതിനാവശ്യമായ ചികിത്സാ മാർഗ്ഗരേഖകളും എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്.<br>2019 -ലെ ചിട്ടയായ ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങളുടെ ഫലമായി പ്രധാന പകർച്ചവ്യാധികളായ ഡെങ്കിപ്പനി, എലിപ്പനി, മലമ്പനി, ചിക്കുൻഗുനിയ, ടൈഫോയിഡ് മുതലായ രോഗങ്ങളും അവമൂലമുള്ള മരണവും മുൻ വർഷത്തെ അപേക്ഷിച്ച് വളരെയധികം കുറയ്ക്കുവാനായത് നേട്ടമായി കണക്കാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ